# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 24/1079/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 24/1079/2022 തീയ്യതി: 02/06/2022

## മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2020 മുതൽ 17-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 28-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 28-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ പി, ഓഡിറ്റ് ഓഫീസർ (20.04.22,21.04.2022,22.04.2022 ഒഴികെ)
ശ്രീമതി.ജിഷ കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുജിത.പി.കെ ഓഡിറ്റർ
ശ്രീ.മൊയ്തീൻ ഫാസിൽ, ഓഡിറ്റർ(26.04.2022 വരെ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റഹ്മത്ത് സൗദ . എൻ.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഷമിൽ . ഇ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റീന എ.എം | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. രാജീവ് പി.ഒ | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ബൈജു ലാൽ എം | വി ഇ ഒ | 01-04-2019 | 31-03-2021 |
| ശ്രീ. അഭിജിത്ത് വി എ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബീന പി.കെ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലീന പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. പ്രേം കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഷംജിത എസ് | മെഡിക്കൽ ഓഫീസർ, സിഎച്ച്സി | 01-04-2019 | 31-03-2020 |
| ശ്രീ.ബേബി എം.ടി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ മെഹറൂഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha.K (Senior Grade Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത<br>Written By: Moideen Fazil .K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-12 |
| 13 | വയോജനങ്ങൽക്ക് കട്ടിൽ വിതരണം -അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-13 |
| 14 | ഭക്ഷ്യ ധാന്യങ്ങൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-14 |
| 15 | അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല<br>Written By: Sujitha.P.K (Auditor, On 30-04-2022)<br>Last Updated By: Sujitha.P.K (Auditor, On 30-04-2022) | 1-15 |
| 16 | NPS വിഹിതം - അരിയർ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 29-04-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 29-04-2022) | 1-16 |
| 17 | അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല – ചെലവു തുക തടസ്സം ചെയ്യുന്നു<br>Written By: Jisha.K (Senior Grade Auditor, On 29-04-2022)<br>Last Updated By: Jisha.K (Senior Grade Auditor, On 29-04-2022) | 1-17 |
| 18 | പി എംഎ വൈ അധിക വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-17-1 |

| | | |
|---|---|---|
| 19 | അംഗൻവാടിയിലേക്ക് (നം 41) വൈദ്യുതി കണക്ഷൻ -പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-17-2 |
| 20 | ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-17-3 |
| 21 | ഗ്രാമ കേന്ദ്രത്തിന് കെട്ടിട സൗകര്യമൊരുക്കൽ -കരാറുകാരന് അധികം അനുവദിച്ചത് 4376 രൂപ<br>Written By: Rishil.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-18 |
| 22 | ഇന്ദിരാജി അംഗൻവാടി കെട്ടിട നവീകരണം-കരാറുകാരന് അധികം നൽകിയത് 9738 രൂപ<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-19 |
| 23 | പടിഞ്ഞാറേക്കര GUPS റൂഫിംഗ് – സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അധിക നിരക്ക് അനുവദിച്ചു-കരാറുകാരന് അധികം നൽകിയത് 4297 രൂപ<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-20 |
| 24 | മൽസ്യഭവൻ കെട്ടിട നവീകരണം -കരാറുകാരന് അധികം അനുവദിച്ചത് 3680 രൂപ<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-21 |
| 25 | SSA വിഹിതം നൽകിയത് സംബന്ധിച്ച്<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-22 |
| 26 | വിദ്യാഭ്യാസ മേഖലയിൽ കാര്യമായ പ്രോജക്ടുകൾ നടപ്പാക്കുന്നില്ല.<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-23 |
| 27 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-24 |
| 28 | ബഡ്സ് സ്കൂൾ ചെലവുകൾ - വൗച്ചറുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-25 |
| 29 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടത് സംബന്ധിച്ച്<br>Written By: Jisha.K (Senior Grade Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-26 |
| 30 | പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾ- അവലോകനം<br>Written By: Jisha.K (Senior Grade Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-27 |
| 31 | വി ഇ ഒ നിർവഹണം നടത്തിയ പ്രൊജക്ടിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-28 |
| 32 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം അനുവദിച്ചു<br>Written By: Sujitha.P.K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-28-1 |
| 33 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Sujitha.P.K (Auditor, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 1-28-2 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | ഗ്രാമ കേന്ദ്രത്തിന് കെട്ടിട സൗകര്യമൊരുക്കൽ -കരാറുകാരന് അധികം അനുവദിച്ചത് 4376 രൂപ<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 3-1 |
| 2 | ഇന്ദിരാജി അംഗൻവാടി കെട്ടിട നവീകരണം-കരാറുകാരന് അധികം നൽകിയത് 9738 രൂപ<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 3-2 |
| 3 | പടിഞ്ഞാറേക്കര GUPS റൂഫിംഗ് – സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അധിക നിരക്ക് അനുവദിച്ചു-കരാറുകാരന് അധികം നൽകിയത് 4297 രൂപ<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 3-3 |
| 4 | മൽസ്യഭവൻ കെട്ടിട നവീകരണം -കരാറുകാരന് അധികം അനുവദിച്ചത് 3680 രൂപ<br>Written By: Rishil.P (Audit Officer, On 29-04-2022)<br>Last Updated By: Rishil.P (Audit Officer, On 29-04-2022) | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 04-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 30-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ/തിയ്യതി |
|---|---|
| Pp/04/2/54/19 തീ.28.02.2019 | Pp/4/1/48/20 തീ.23.03.2020 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 28.05.2020 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25790188 |
| വരവ് | 112182634 |
| ആകെ | 137972822 |
| ചെലവ് | 112544427 |
| നീക്കിയിരിപ്പ് | 25428395 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 29746353 | 29746353 | 18354546 | 11391807 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11369412 | 11369412 | 7783845 | 3585567 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6248000 | 6248000 | 2830299 | 3417701 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5040000 | 5040000 | 3287613 | 1752387 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 16015948 | 16015948 | 10413353 | 5602595 |
| ബി ഫണ്ട് | 0 | 22418420 | 22418420 | 22418420 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 171883529 | 115 | 68135534 | 0 | 107 | 51.8 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 178170 | 1077059 | 1255229 | 957712 | 297517 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 21791159 | 21791159 | 21791159 | 0 |
| ആകെ | 178170 | 22868218 | 23046388 | 22748871 | 297517 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22320 | 140 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2218200 | 844 |
| വിധവാപെൻഷൻ | 6912600 | 1130 |
| വാർദ്ധക്യകാലപെൻഷൻ | 10482000 | 1757 |
| വികലാംഗപെൻഷൻ | 1946300 | 860 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 261000 | 44 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.2022 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4176/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ ഗ്രാമ പഞ്ചായത്തിലെ ടെണ്ടർ പ്രകാരമുള്ള എല്ലാ പർച്ചേസുകളും ഉൾപ്പെടുത്തിയിട്ടില്ല. (ഉദാ- ബഡ്സ് സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ)

2. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. രജിസ്റ്ററിൽ വിതരണം ചെയ്തതിന്റെയും നീക്കിയിരിപ്പിന്റെയും വിശദാംശങ്ങൾ ഇല്ല.

3.കുടിവെള്ള പദ്ധതികൾ 13 എണ്ണം ഗ്രാമ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ ഇവ നാളിതുവരെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല. കുടിവെള്ള പദ്ധതികൾക്ക് വേണ്ടി അറ്റകുറ്റ പണികൾ, ഇലക്ട്രിസിറ്റി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർ വേതനം എന്നീ ഇനങ്ങളിലായി ലക്ഷക്കണക്കിന് രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന് സർക്കാർ ഉത്തരവുള്ളതാണ്. കുടിവെള്ള പദ്ധതികളുടെ പേര് വിവരം പ്രതിപാദിക്കുന്ന രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇലക്ട്രിസിറ്റി ചാർജ്ജ് രജിസ്റ്ററിൽ കുടിവെള്ള പദ്ധതികളുടെ പേര് രേഖപ്പെടുത്താതെ കൺസ്യൂമർ നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വൻ തുക എല്ലാ വർഷവും മേൽ ചെലവുകൾക്ക് വേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു.

4. ഗ്രാമ പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായതും പ്രവർത്തന രഹിതമായതും കണ്ടെത്തി ഈയിനത്തിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.11.2020 | 01.06.2020 മുതൽ 31.10.2020 വരെ | 24.11.2020 |
| എ.ജി ഓഡിറ്റ് | 30.10.2003 | 1997-98 മുതൽ2002-03 വരെ | 25.02.2004 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1(a) വിവിധയിനം ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ(RP-7) വിവരങ്ങൾ, എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | AFS(RP-7) | ACR | Grant Statement |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 17204372 | 18354546 | 19158569 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 6587345 | 7783845 | 7005433 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 6401333 | 10413353 | 6436873 |

(B)സംരക്ഷണ ഗ്രാന്റ് (റോഡിതരം)ന്റെ വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ(RP-7) വിവരങ്ങൾ ACR മായി പൊരുത്തപ്പെടുന്നില്ല.

| | AFS(RP-7) | ACR |
|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2601475 | 3287613 |

2(a)ലോൺ രജിസ്റ്റർ പ്രകാരം കോപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള ലോണിനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നില്ല. എന്നാൽ വാർഷിക കണക്ക പ്രകാരം (B-5) 600469/- രൂപ അടവാക്കാൻ ബാക്കിയുണ്ട്.

(B)ലോൺ രജിസ്റ്റർ പ്രകാരം KURDFC യിലേക്ക് ലോണിനത്തിൽ 25761765/- രൂപയാണ് അടവാക്കാൻ ബാക്കിയുള്ളത്.എന്നാൽ വാർഷിക കണക്ക പ്രകാരം പലിശ കൂടി ഉൾപ്പെട്ടിട്ടുള്ള 25821536/-(25761765+59771) തുകയാണ് അടവാക്കാൻ കാണിച്ചിട്ടുള്ളത്. ലോൺ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി തൻവർഷം കെ.എസ്.ഇ.ബി,പുറത്തൂർ ന് 71992/- രൂപ (വൌച്ചർനം.21900544/20.09.2019-16863/-, 21900956/21.01.2020-9442, 21901165/28.02.2020-24974/-, 21900160/17.05.2019-20713/-) മുൻകൂറായി നൽകിയിട്ടുണ്ട്. ഇവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. ഫാക്ടറി വ്യാപാരങ്ങളെ സംബന്ധിച്ച രജിസ്റ്ററിൽ സംഗ്രഹം എഴുതിയിട്ടില്ല.
5. മത്സ്യമാർക്കറ്റ് ലേലമിനത്തിൽ രജിസ്റ്റർ പ്രകാരം 40000/- രൂപയുടെ വരവുണ്ട്.ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ബസ് സ്റ്റാൻഡ് ലേലമിനത്തിൽ രജിസ്റ്റർ പ്രകാരം 42500/- രൂപയുടെ വരവുണ്ട്.ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. കടവ് ലേലവുമായി ബന്ധപ്പെട്ട് രജിസ്റ്റർ പ്രകാരം 7500/- രൂപയുടെ വരവുണ്ട്.ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.2019-20 AFS (B7 ) പ്രകാരം Deposits Received ഇനത്തിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 420511 /- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഈ തുകകൾ ഉൾപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

9. തൻ വർഷത്തിൽ ആർജിച്ച സ്റ്റോക്ക്,സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
10. സ്ഥിര ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
(2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വാർഷിക കണക്കിലെ അപാകത സംബന്ധിച്ച ഖണ്ഡിക 1-11 ലെ ക്രമ നം. 6,7,8 എന്നീ പരാമർശങ്ങൾ തെറ്റാണെന്ന ബോധ്യപ്പെട്ടതിനാൽ റദ്ദ് ചെയ്യുന്നു)

## 1-12 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത

പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.
1. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പേര് | സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | എ.സ്മിത | സർവീസ് കോപറേറ്റീവ് ബാങ്ക്,പുറത്തൂർ | 140962 | 1250 | 1000 | 250 |
| 2 | പി.പി.ജിജീഷ് | സർവീസ് കോപറേറ്റീവ് ബാങ്ക്,പുറത്തൂർ | 140962 | 1250 | 1000 | 250 |
| 3 | ഹബീബ.കെ | കമ്മ്യൂണിറ്റിഹെൽത്ത് സെന്റർ ,പുറത്തൂർ | 133200 | 1250 | 750 | 500 |
| 4 | സജ്ന സുധാകർ | കമ്മ്യൂണിറ്റിഹെൽത്ത് സെന്റർ ,പുറത്തൂർ | 166800 | 1250 | 750 | 500 |
| 5 | രംഭാദേവി | കമ്മ്യൂണിറ്റിഹെൽത്ത് സെന്റർ ,പുറത്തൂർ | 107930 | 1000 | 750 | 250 |
| 6 | ജീബ.എം.എസ് | കമ്മ്യൂണിറ്റിഹെൽത്ത് | 104750 | 1000 | 750 | 250 |

| | | | | | | |
|---|---|---|---|---|---|---|
| | | സെന്റർ ,പുറത്തൂർ | | | | |
| 7 | മുഫീദ | കമ്മ്യൂണിറ്റിഹെൽത്ത് സെന്റർ ,പുറത്തൂർ | 122750 | 1000 | 750 | 250 |

2.പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ഒന്ന്,രണ്ട് അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | സ്ഥാപനം | ഈടാക്കേണ്ട തുക |
|---|---|---|
| 1 | എ.ആർ.ഡി.നം:1 | 1250 |
| 2 | എ.ആർ.ഡി.നം:2(യാസർ അറഫാത്ത് ) | 1250 |
| 3 | എ.ആർ.ഡി.നം:3(ടി.സി.ആർ.ബി.തൃക്കണ്ടിയൂർ) | 1250 |
| 4 | എ.ആർ.ഡി.നം:4(പി.വി.അബ്ദുൽ കരീം) | 1250 |
| 5 | എ.ആർ.ഡി.നം:18(കെ.പി.അബൂബക്കർ) | 1250 |
| 6 | എ.ആർ.ഡി.നം:119(കെ.വി.ഷറഫുദ്ധീൻ) | 1250 |
| 7 | എ.ആർ.ഡി.നം:252(കെ.ഹംസ കളത്തിങ്കൽ) | 1250 |
| 8 | എ.ആർ.ഡി.നം:253(കെ.പി.അബൂബക്കർ) | 1250 |
| 9 | എ.ആർ.ഡി.നം:254(കെ.സുമീല കരിയാട്ടത്ത് ) | 1250 |
| 10 | എ.ആർ.ഡി.നം:256(അബ്ദുൽ മജീദ് മീനടത്തൂർ) | 1250 |

3. ഐ.ഇ.ടി സ്കൂൾ മരവന്തയിൽ നിന്നും ഒന്ന്,രണ്ട് അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
മേൽ അപാകതക്ക് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/19-20 തിയ്യതി23-04-2022ക്ക് നൽകിയ മറുപടി S1-104/2022 പ്രകാരം സി.എച്ച്.സിയിലെ 5 ജീവനക്കാരുടെയും സർവ്വീസ് കോപറേറ്റീവ് ബാങ്കിലെ 2 ജീവനക്കാരുടെയും തൊഴിൽ നികുതി (റസീപ്റ്റ് നമ്പർ 1220100318/G101301,121220100316/G101301, (തീയതി 26-04-2022) (തീയതി 26-04-202 ) 20100315 / G101301, (തീയതി 26-04-2022) (തീയതി 26-04-202 ) 1220100314/G101301,(തീയതി 25-04-2022) 1220100317/ G101301, 1220100262/ G101301,1220100263/G101301)(തീയതി 25-04-2022) അടവാക്കിയിട്ടുണ്ട്.എന്നാൽ ആയത് പ്രകാരം മേൽ പരാമർശിച്ച ക്രമ നമ്പർ 2,3 സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 വയോജനങ്ങൾക്ക് കട്ടിൽ വിതരണം -അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി

നിർവഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം,പേര്- S0142/20, വയോജനങ്ങൾക്ക് കട്ടിൽ വിതരണം

അടങ്കൽ-1513800(വികസന ഫണ്ട്-ജനറൽ-1511240, തനത് ഫണ്ട്-2560)

ചെലവ്-700176(വികസന ഫണ്ട്-ജനറൽ-697616, തനത് ഫണ്ട്-2560)

ബിൽ നം. 1/29.04.2019 – 697616

വൌച്ചർ നം.21900749/16.11.2019-2560

2019-20 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ 52/19 പ്രോജക്റ്റിന്റെ സ്പിൽഓവർ പ്രോജക്റ്റാണ് ഇത്. ഹായ് ട്രേഡേഴ്സ്, ഈരാറ്റുപേട്ട മുഖേന 200 കട്ടിലുകൾ വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു. സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/ തസ്വഭവ തീ. 14.02.2018 പ്രകാരം 60 വയസ്സ് പൂർത്തിയായവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.എന്നാൽ പദ്ധതി വർഷം 60 വയസ്സ് പൂർത്തീകരിക്കാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആധാർ നം./ ജനന വർഷം | 31.03.2019 ന് ഗുണഭോക്താവിന്റെ പ്രായം |
|---|---|---|---|
| 1 | മുഹമ്മദ് കുട്ടി,തലപ്പിള്ളി | 753128452301 / 1962 | 57 |
| 2 | കുഞ്ഞിമോൻ, കോയാമാടത്ത് | 271126010323 / | 56 |

| | | | |
|---|---|---|---|
| | | 1963 | |
| 3 | കാർത്ത്യായനി, തലപ്പിള്ളി | 274455605909 / 1960 | 59 |
| 4 | പ്രഭാകരൻ, കൂട്ടങ്ങൽ | 518459048922 1964 | 55 |

മേൽ അപാകത കാണിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 11/26.04.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 ഭക്ഷ്യ ധാന്യങ്ങൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല

പ്രൊജക്ടിന്റെപേര് : അംഗനവാടി പോഷകാഹാരം -ജനറൽ

പ്രൊജക്ട് നം : 9/20

അടങ്കൽ : 2290800 (വികസന ഫണ്ട് ജനറൽ - 1431403, കേന്ദ്രാവിഷ്കൃത ഫണ്ട് - 859397)

ചെലവ് തുക : 2290800
വൗച്ചർ നം.21901156/28.02.2020-343315/-

അംഗനവാടി പോഷകാഹാരം (ജനറൽ) പദ്ധതിയിൻ കീഴിൽ മംഗലം മാവേലി സ്റ്റോറിൽ നിന്നും ഇഷ്യു നോട്ട് നം 1002111/19453 തീ.31.12.2019 പ്രകാരം അംഗനവാടികളിലേയ്ക്ക് വാങ്ങിയ ചെറുപയർ മുഴുവനായും വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ലഭിച്ചത് | | | ഡിസംബർ മാസത്തിൽ 18 അംഗനവാടികളിലേക്ക് വിതരണം ചെയ്തത് (സ്റ്റോക്ക് പ്രകാരം) | കുറവ് | തുക |
|---|---|---|---|---|---|
| ഇനം | തൂക്കം | തുക | | | |
| ചെറുപയർ | 265 കി.ഗ്രാം/89രൂപ | 23585 | 85കി.ഗ്രാം | 180കി.ഗ്രാം | 16020 |

ലഭ്യമായ ഭക്ഷ്യ ധാന്യങ്ങൾ മുഴുവൻ വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.10/26.04.2020) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാകുന്നതു വരെ ചെലവു തുക 16020/- തടസ്സം ചെയ്യുന്നു.

## 1-15 അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

1. പ്രൊജക്ട് നമ്പർ, പേര് : 9/20, അംഗൻവാടി പോഷകാഹാരം (ജനറൽ)

അടങ്കൽ : 2290800 (വികസന ഫണ്ട് ജനറൽ - 1431403, കേന്ദ്രാവിഷ്കൃത ഫണ്ട് - 859397)

ചെലവ് തുക : 2290800

2. പ്രൊജക്ട് നമ്പർ, പേര് : 72/20, അംഗൻവാടി പോഷകാഹാരം (എസ് സി)

അടങ്കൽ : 1061700 (വികസന ഫണ്ട് എസ് സി പി - 1038160, കേന്ദ്രാവിഷ്കൃത ഫണ്ട് - 23540)

ചെലവ് തുക : 1061700

മേൽ പ്രോജക്ടുകൾ പ്രകാരം ന്യൂട്രിമിക്സ് വാങ്ങൽ, മാവേലി സ്റ്റോർ ഭക്ഷ്യധാന്യം വാങ്ങൽ, കടത്ത് കൂലി നൽകൽ, അംഗൻവാടി

കണ്ടിജന്റ് ചെലവുകൾ, എന്നിവക്ക് ചെലവഴിച്ച തുകകളിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ശ്രേയസ്സ് അമൃതം ഫുഡ് സപ്ലിമെന്ററി യൂണിറ്റ് , വെളിയങ്കോട് എന്നീ സ്ഥാപനത്തിൽ നിന്ന് ന്യൂട്രിമിക്സ് വാങ്ങിയതിന് 11,49,540/- രൂപ ചെലവഴിച്ചിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്(GST Act Section 51(1)). എന്നാൽ ചുവടെ ചേർക്കുന്ന ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് @ 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|---|---|
| 1 | 30/30.11.2019 | 91000 | 4550 | 1820 | 12/24.12.2019 |
| 2 | 34/30.12.2019 | 147350 | 7367.5 | 2947 | 14/31.01.2020 |
| 3 | 22/26.09.2019 | 92750 | 4637.5 | 1855 | 10/19.11.2019 |
| 4 | 26/31.10.2019 | 140840 | 7042 | 2817 | |
| 5 | 31/18.08.2019 | 102550 | 5127.5 | 2051 | 13/10.01.2020 |
| 6 | 14/17.07.2019 | 60200 | 3010 | 1204 | 4/26.08.2019 |
| 7 | 9/18.06.2019 | 96950 | 4847.5 | 1939 | |
| 8 | 6/15.05.2019 | 91700 | 4585 | 1834 | |
| 9 | 37/30.01.2020 | 171150 | 8557.5 | 3423 | SB/XY 5149055/12.03.2020 |
| 10 | 42/25.02.2020 | 155050 | 7752.5 | 3101 | |
| ആകെ | | 1149540 | 57477 | 22991 | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.9/26.04.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുക നൽകിയ സ്ഥാപനം ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി തുക നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 NPS വിഹിതം - അരിയർ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിലെ ക്ലർക്ക് ശ്രീമതി ശ്രീജ ആർ നായർ 27.02.2019 നാണ് ജോലിയിൽ പ്രവേശിച്ചത്. എന്നാൽ ടിയാരിയുടെ ശമ്പളത്തിൽ നിന്നും NPS അടവാക്കി തുടങ്ങുന്നത് ജൂൺ മാസത്തെ ശമ്പളം മുതലാണ്. NPS വിഹിതം അരിയറായി പിടിച്ച് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി(4/2019-20/23.04.2022) നൽകിയതിന്റെ അടിസ്ഥാനത്തിൽ 2022 ഏപ്രിൽ മാസത്തിലെ ശമ്പളത്തിൽ നിന്നും ആദ്യഗഡു പിടിക്കുകയും തുടർന്നു വരുന്ന മൂന്നു മാസങ്ങളിലായി ബാക്കി തുക പിടിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുക അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല – ചെലവു തുക തടസ്സം ചെയ്യുന്നു

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ/തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിന്റെ പൂർത്തീകരണ വിവരം/ തുകകളുടെ വിനിയോഗ വിവരം/ ചെലവിന്റെ അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല. അനുബന്ധ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുന്നതു വരെ ചെലവു തുക 3443179/- രൂപ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി 5/2019-20/23.04.2022)

### 1-17-1 പി എംഎ വൈ അധിക വിഹിതം നൽകൽ

| പ്രോജക്ട് | ബിൽ നമ്പർ/വൗച്ചർ നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 02/20 പി എംഎ വൈ അധിക വിഹിതം നൽകൽ | ബിൽനമ്പർ 01/19-20 /01.06.2019 (വികസന ഫണ്ട്) | 1067192 | തിരൂർ ബ്ലോക്ക് സെക്രട്ടറി | തുകയുടെ വിനിയോഗ സാക്ഷ്യപത്രം എത്ര ഗുണഭോക്താക്കൾക്കാണ് തുക നൽകിയത് എന്നതിന്റെ വിവരം |
| | വൗച്ചർ നമ്പർ 21900470/30.08.2019 (തനത്) | 500000 | | |
| | വൗച്ചർ നമ്പർ 21900566/30.09.2019 (തനത്) | 500000 | | |

| | | |
|---|---|---|
| | വൗച്ചർ നമ്പർ 21900680/28.10.2019 (തനത്) | 858808 |

1-17-2 അംഗൻവാടിയിലേക്ക് (നം 41) വൈദ്യുതി കണക്ഷൻ -പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

| പ്രോജക്റ്റ് | ബിൽ നമ്പർ/വൗച്ചർ നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| അംഗൻവാടിയിലേക്ക് (നം41) വൈദ്യുതി കണക്ഷൻ | വൗച്ചർ നമ്പർ 21900800/29.11.2019 (തനത് ഫണ്ട്) | 17179 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ , വെട്ടം | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം |

1-17-3 ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ

| പ്രോജക്റ്റ് | ബിൽ നമ്പർ/വൗച്ചർ നമ്പർ | തുക | നൽകിയ ഏജൻസി/ സ്ഥാപനം | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 196/20 ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | വൗച്ചർ നമ്പർ 21901343/31.03.2020 (തനത് ഫണ്ട് ) | 500000 | തിരൂർ ബ്ലോക്ക് സെക്രട്ടറി | പൂർത്തീകരണ / വിനിയോഗ വിവരം |

1-18 ഗ്രാമ കേന്ദ്രത്തിന് കെട്ടിട സൗകര്യമൊരുക്കൽ -കരാറുകാരന് അധികം അനുവദിച്ചത് 4376 രൂപ

പ്രൊജക്റ്റ് നം : S0156/20

അടങ്കൽ : 6,00,000

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (NR)+തനത് ഫണ്ട്

ചെലവ് : 4,59,154

ബിൽ നമ്പർ - 23/23.10.19 – 4,42,480

ചെക്ക് - 023318/22.10.19 - 16674

കരാർ നം : AE/LSGD/PTR/86/18-19 തീയ്യതി.21.2.19 (Estimate Rate)

എം ബുക്ക് നം: 116/18-19

DSOR : 2016 Coi.37.25%

കരാറുകാരൻ : പ്രകാശൻ .AP

TS No-73687/18-19

Est.No-2018/106893

63-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന് മുകളിലാണ് ഗ്രാമ കേന്ദ്രത്തിന് സൗകര്യമൊരുക്കൽ എന്ന പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിൽ ഗ്രിൽ വർക്ക് ചെയ്തതിന് പ്രവൃത്തിയുടെ ഇനം 10 പ്രകാരം DAR Code 9.48.2 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് . (പ്രവൃത്തി 26.4.22ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു)

431.55 Kg X 146/kg (154.34/kg-5.4036% Tender Below) = 63006.30

ബിൽഡിംഗുമായി ബന്ധപ്പെട്ട് Steel/Wooden Frame With Rawl Plug ഉപയോഗിച്ച് കൊണ്ടുള്ള ഗ്രിൽ വിൻഡോ പ്രവർത്തികൾക്കാണ് DSR Code 9.48.2 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ഗ്രിൽ വർക്ക് ചെയ്തിട്ടുള്ളത് ചുമരിലേക്ക് നേരിട്ട് (Welding) ബന്ധിപ്പിച്ചതായതിനാൽ അനുവദിക്കാവുന്നത് DSR Code 9.48.1 പ്രകാരമുള്ള നിരക്കാണ് (പ്രവൃത്തിയിൽ ഫ്രയിം വർക്കിന്റെയും (Steel/Wooden) Rawl Plug ന്റെയും ഉപയോഗം വന്നിട്ടില്ല). ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

431.55 Kg X 135.86/kg (143.63/kg-5.4036% Tender Below) = 58630.38

കരാറുകാരന് അധികം അനുവദിച്ചത് = 4376 (63006.30 - 58630.38 )

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 14 /

27.4.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ തുക 4376 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 ഇന്ദിരാജി അംഗൻവാടി കെട്ടിട നവീകരണം-കരാറുകാരന് അധികം നൽകിയത് 9738 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിനോട് അനുബന്ധമായി സ്റ്റെയർ, മുകളിൽ സ്റ്റീൽ മേൽക്കൂര എന്നിവ നിർമ്മിക്കുന്നതിന് DSR Code 10.16.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. പ്രവൃത്തി 26.4.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. പ്രവൃത്തിയിൽ ഇനം 1 പ്രാകാരം GI പൈപ്പ് ഉപയോഗിച്ച് സ്റ്റെയർ (Stare Case, Landing) നിർമ്മിച്ചിട്ടുണ്ട്. Stare Case, Handing എന്നീ പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.1 പ്രകാരമുള്ള നിരക്കാണ്. പ്രസ്തുത ഡാറ്റയിൽ നിന്ന് ഈ വസ്തുത വ്യക്തമാണ്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി കരാറുകാരന് അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്റ്റെയർ, മുകളിൽ സ്റ്റീൽ മേൽക്കൂര എന്നിവ നിർമ്മിക്കുന്നതിന് DSR Code 10.16.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് നൽകിയത്.

1099.75 Kg X 123.87/kg = 136226.03 ( ഇനം 1)

ഇതിൽ സ്റ്റെയർ അളവ് = 290.16 Kg

| പ്രവൃത്തി | സ്റ്റെയറിന് അനുവദിച്ച തുക (DSR 10.16.1 പ്രകാരം) | സ്റ്റെയറിന് അനുവദിക്കാവുന്ന തുക (DSR 10.25.1 പ്രകാരം) | അധികം |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ - SO136/20<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>സാങ്കേതികാനുമതി തുക - 300000<br>കരാറുകാരൻ - AP. പ്രകാശൻ<br>അളവ് പുസ്തകം - 80/18-19<br>കരാർ - 24/AE/PTR/18-19 തി. 23.11.18 (Estimate Rate)<br>മൂല്യനിർണ്ണയം - 243920<br>ബിൽ നമ്പർ - 3/7.5.19- 243920<br>Coi DSR 2016 – 37.25%<br>Esti. No- 2018/109537<br>TS No- 78919/18-19 | 290.16kgx 123.87/kg<br>= 35942.11 | 290.16 Kg X 90.31/kg<br>= 26204.34 | 9738 |

അധികം നൽകിയ തുക 9738രൂപ.
മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15 / 27.4.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളിൽ അധികം നൽകിയ തുക 9738 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 പടിഞ്ഞാറേക്കര GUPS റൂഫിംഗ് – സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അധിക നിരക്ക് അനുവദിച്ച-കരാറുകാരന് അധികം നൽകിയത് 4297 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് - 186/20

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ -39/18.1.20 – 98833

മൂല്യനിർണ്ണയം - 98833

കരാർ 86/AE/LSGD/PTR/19-20 തി.27.11.2019

അളവ് പുസ്തകം 130/18-19

കരാറുകാരൻ- AP. പ്രകാശൻ

TS No-62890/19-20

Est.No-2019/91616

TS-1,30,000

Coi – 31.06% (2016 DSoR)

പടിഞ്ഞാറേക്കര GUPS കെട്ടിടത്തിന് റൂഫിംഗ് എന്ന പ്രവൃത്തി 27.4.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. പ്രവൃത്തിയിൽ GI പൈപ്പ് ഉപയോഗിച്ച് മേൽക്കൂര വിരിച്ചതിന് അളവ് പുസ്തകപ്രകാരം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്..

| ഇനം | ചെയ്ത അളവ് / നിരക്ക് | അനുവദിച്ച തുക |
|---|---|---|
| DSR Code 10.16.1<br>(ഇനം 1) | 336.523 Kg X 118.28/kg | 39803.94 |

പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ചുകൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതിന് അനുവദിക്കാവുന്നത് DSR Code 50.10.2 പ്രകാരമുള്ള നിരക്കാണ്. ഇതു പ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

336.523 Kg X 106.88/kg = 35967.57

പ്രവൃത്തിയിൽ അധികം നൽകിയ തുക 4297 (3836.37 + 12% GST ) രൂപ

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 21 / 28.4.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ തുക 4297 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 മൽസ്യഭവൻ കെട്ടിട നവീകരണം -കരാറുകാരന് അധികം അനുവദിച്ചത് 3680 രൂപ

പ്രൊജക്റ്റ് നം : SO141/20

അടങ്കൽ : 3,00,000

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (NR)

ചെലവ് : 3,00,000

ബിൽ നമ്പർ - 6/7.5.19 – 3,00,000

കരാർ നം : AE/LSGD/PTR/83/18-19 തീയ്യതി.24.1.19 (Estimate Rate)

എം ബുക്ക് നം: 83/18-19, 99/18-19

DSOR : 2016 Coi.37.25%

കരാറുകാരൻ : ഗിരീശൻ .PV

TS No-103469/18-19

Est.No-2018/134795

മൽസ്യഭവൻ കെട്ടിട നവീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിലും കിണറിലും ഗ്രിൽ വർക്ക് ചെയ്തതിന് പ്രവൃത്തിയുടെ ഇനം 9 പ്രകാരം DAR Code 9.48.2 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് .

263.58 Kg X 154.34/kg = 40680.94

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട ഗ്രിൽ വിൻഡോ പ്രവർത്തികൾക്കും (Steel/Wooden Frame With Rawl Plug) മറ്റുമാണ് DSR Code 9.48.2 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് ഓപ്പൺ കിണറിൽ സ്റ്റീൽ ഉപയോഗിച്ച് നെറ്റ് ഇടുക എന്ന പ്രവൃത്തിയും കെട്ടിടത്തിലെ ഗ്രിൽ വർക്കുമാണ് (Steel/Wooden Frame ൽ അല്ലാത്തത്). ഇതിലെ ഓപ്പൺ കിണറിൽ നെറ്റ് ഇടുന്ന പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. Grating, Frames, Guard Bar, Railing, Gate എന്നീ പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. കൂടാതെ കെട്ടിടത്തിലെ ഗ്രിൽ വർക്ക് ചെയ്തിട്ടുള്ളത് ചുമരിലേക്ക് നേരിട്ട് ബന്ധിപ്പിച്ചതായതിനാൽ (പ്രവൃത്തിയിൽ ഫ്രയിം വർക്കിന്റെയും (Steel/Wooden) Rawl Plug ന്റെയും ഉപയോഗം വന്നിട്ടില്ല) അനുവദിക്കാവുന്നത് DSR Code 9.48.1 പ്രകാരമുള്ള നിരക്കുമാണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

33.38 Kg X 117.96/kg = 3937.50 DSR Code( 10.25.2)

230.20 Kg X 143.63/kg = 33063.62 DSR Code( 9.48.1)

= 37001.12

കരാറുകാരന് അധികം അനുവദിച്ചത് = 3680 (40680.94 - 37001.12 )

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 20 / 28.4.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളിൽ അധികം നൽകിയ തുക 3680 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 SSA വിഹിതം നൽകിയത് സംബന്ധിച്ച്

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന തുകകൾ SSA വിഹിതമിനത്തിൽ ജില്ലാ പ്രോജക്ട് ഓഫീസർ മലപ്പുറത്തിന് നൽകിയിട്ടുണ്ട്.

1.പ്രോജക്ട് - SO016/20

ഫണ്ട് - പ്ലാൻ (G)

തുക – 15,00,000

ബിൽ നമ്പർ - 2/19.10.10 – 10,00,000

ബിൽ നമ്പർ - 1/23.9.19 – 5,00,000

കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷയുടെ മൊത്തം പദ്ധതി തുകയിൽ 60% തുക കേന്ദ്ര വിഹിതവും 40% തുക സംസ്ഥാന വിഹിതവുമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലക്ക് വേണ്ടിയുള്ള സംസ്ഥാന വിഹിതം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്നതിനാണ് സർക്കാർ നിർദേശം. ഇതിന്റെ ഭാഗമായി തൻവർഷത്തിൽ 15,00,000 രൂപ മേൽ ബില്ലുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിന് വിനിയോഗ സാക്ഷ്യപത്രമായി ഗ്രാമ പഞ്ചായത്തുകളിലെ സ്കൂളുകളിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് 65,66,200 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് കാണിച്ചുകൊണ്ടുള്ള പത്രികയാണ് SSA സമർപ്പിച്ചിട്ടുള്ളത്. ഈ പത്രികയിൽ ആസ്തികൾ ഉൾപ്പെടെ 23 ഇനങ്ങൾക്ക് വേണ്ടി ചെലവുകൾ കാണിച്ചിട്ടുണ്ട്. SSA യുടെ വിനിയോഗ സാക്ഷ്യപത്രത്തിലെ വിവരങ്ങൾ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് ചെയ്യാറുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 13 / 28.4.22) മറുപടി ലഭ്യമാക്കിയില്ല. സ്കൂളുകളിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് 65,66,200 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 വിദ്യാഭ്യാസ മേഖലയിൽ കാര്യമായ പ്രോജക്റ്റുകൾ നടപ്പാക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ മേഖലക്ക് വേണ്ടി 2019-20 വർഷത്തിൽ പഞ്ചായത്തിൽ കാര്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയില്ല. താഴെ പറയും പ്രകാരം 3 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| SO016/20<br>SSA വിഹിതം അടവാക്കൽ | 15,00,000 | 15,00,000 |
| SO019/20<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 20,00,000 | 13,60,000 |
| SO090/20<br>തുല്യത പഠിതാക്കളുടെ ഫീസ് അടവാക്കൽ | 50,000 | 28100 |

വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മിനട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് ബോധ്യപ്പെട്ടു.

1. 2019-20 വർഷത്തെ വാർഷിക പദ്ധതി ആവിഷ്കരിക്കുന്നതിന് 22.11.18 ന് കൂടിയ യോഗത്തിൽ ആകെ 8 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. പദ്ധതികളുമായി ബന്ധപ്പെട്ട് ഒരു നിർദേശം പോലും മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 6.12.18 ന് കൂടിയ യോഗത്തിൽ ആകെ 4 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. പദ്ധതികളുമായി ബന്ധപ്പെട്ട് 6 നിർദേശങ്ങൾ വന്നു. 5.3.19 ൽ നടത്തിയ യോഗത്തിൽ ആകെ 9 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. പദ്ധതികളുമായി ബന്ധപ്പെട്ട് 6 നിർദേശങ്ങൾ മാത്രം

3. 28.12.19 ൽ കൂടിയ യോഗത്തിൽ ആകെ 6 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. പദ്ധതികളുമായി ബന്ധപ്പെട്ട് 17 നിർദേശങ്ങൾ വന്നെങ്കിലും ഇവയിൽ ഒന്നും നടപ്പായില്ല.

പദ്ധതികൾ വിലയിരുത്തുന്നതിനും , നിർദേശങ്ങൾ, ന്യൂനതകൾ, കൂട്ടിച്ചേർക്കൽ എന്നിവ നടത്തുന്നതിനും പദ്ധതികൾ അവലോകനം ചെയ്യുന്നതിനും യോഗങ്ങൾ കൂടിയിട്ടില്ല.

വിദ്യാഭ്യാസ മേഖലയിൽ കാര്യമായ പ്രോജക്റ്റുകൾ തൻവർഷത്തിൽ നടപ്പാക്കാത്തതിനും മേൽ അപാകതകൾക്കും വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 12 / 27.4.22) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ്

വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 17 / 27.4.22) മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 ബഡ്സ് സ്കൂൾ ചെലവുകൾ - വൗച്ചറുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല

പ്രോജക്ട് : 68/20 ബഡ്സ് സ്കൂൾ പ്രവർത്തനം

അടങ്കൽ : 432000/-(തനത്)+ 1250000/(കുടുബശ്രീ മിഷൻ)

ചെലവ് : 358633/-(തനത്)+ 317934/(കുടുബശ്രീ മിഷൻ)

ബഡ്സ് സ്കൂൾ നിലവിൽ 10ാം വാർഡിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ലഭ്യമാക്കിയ ചെലവു രേഖകൾ പരിശോധിച്ചതിൽ ടീച്ചർ , ആയ എന്നിവർക്കുള്ള വേതനം, കുട്ടികളുടെ യാത്രാചെലവുകൾ , കെട്ടിട വാടക, സ്റ്റേഷനറി ചെലവുകൾ , ഫർണിച്ചർ , ലാപ്ടോപ്പ് , യുപി എസ് എന്നിവയുടെ പർച്ചേസ് എന്നീ ഇനങ്ങളിലാണ് ചെലവു ള്ളത് .

ചെലവിനങ്ങളിൽ ടീച്ചർ, ആയ എന്നിവർക്കു നൽകിയ വേതനമിനത്തിലെ തുക, കെട്ടിട / വാഹന വാടക ഇനത്തിൽ നൽകിയ തുക, എന്നിവഏതെല്ലാം മാസങ്ങളിലേതാണെന്നതു ഫയലിൽ നിന്നു വ്യക്തമല്ല. ആയതിന്റെ അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നുകാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 19 /2019-20/27.04.22 ) ആയത് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ആയതു ലഭ്യമാക്കുന്നതു വരെ താഴെ കാണിച്ചതു പ്രകാരം വേതനം, വാടക ഇനത്തിലെ ചെലവു തുക 396992/- രൂപ തടസ്സം ചെയ്യുന്നു.

| ക്രമ നമ്പർ | തുക | വൗച്ചർ നമ്പർ/ തിയ്യതി | ചെലവിന്റെ വിശദ വിവരം |
|---|---|---|---|
| 1 | 70000 | 21900755/16.11.2019 | വാടക ഇനത്തിൽ ശ്രീ പ്രകാശൻ എന്നവർക്കു നൽകിയത് |
| 2 | 25000 | 21900742/12.11.2019 | ശ്രീമതി സീമ , ബഡ്സ് സ്കൂൾ ടീച്ചർക്ക് വേതനമിനത്തിൽ നൽകിയത് . |
| 3 | 37000 | 21900861/13.12.2019 | 12000/- ശ്രീമതി ഷീജ , ബഡ്സ് സ്കൂൾ ആയക്ക് വേതനമിനത്തിൽ നൽകിയത്<br>25000/- ശ്രീമതി സീമ , ബഡ്സ് സ്കൂൾ ടീച്ചർക്ക് വേതനമിനത്തിൽ നൽകിയത് . |
| 4 | 2000 | | വാടക ഇനത്തിൽ ശ്രീ പ്രകാശൻ എന്നവർക്കു നൽകിയത് |
| 5 | 57187 | 21900964/21.01.2020 | 12000/- ശ്രീ നിസാർ എന്നവർക്ക് വാഹന ചാർജ്ജിനത്തിൽ നൽകിയത്<br>12000/- ശ്രീമതി ഷീജ , ബഡ്സ് സ്കൂൾ ആയക്ക് വേതനമിനത്തിൽ നൽകിയത്<br>25000/- ശ്രീമതി സീമ , ബഡ്സ് സ്കൂൾ ടീച്ചർക്ക് വേതനമിനത്തിൽ നൽകിയത് .<br>8187/- ബഡ്സ് സ്കൂളിലേക്ക് ഫുഡ് വാങ്ങിയതിനുള്ള ചെലവ് |
| 6 | 67805 | 21901122/18.02.2020 | 10800/- ശ്രീ നിസാർ എന്നവർക്ക് വാഹന ചാർജ്ജിനത്തിൽ നൽകിയത്<br>12000/- ശ്രീമതി ഷീജ , ബഡ്സ് സ്കൂൾ ആയക്ക് വേതനമിനത്തിൽ നൽകിയത്<br>25000/- ശ്രീമതി സീമ , ബഡ്സ് സ്കൂൾ ടീച്ചർക്ക് വേതനമിനത്തിൽ നൽകിയത് .<br>8005/- ബഡ്സ് സ്കൂളിലേക്ക് ഫുഡ് വാങ്ങിയതിനുള്ള ചെലവ് |
| 7 | 2400 | 21901121/18.02.2020 | ശ്രീ നിസാർ എന്നവർക്ക് വാഹന ചാർജ്ജിനത്തിൽ നൽകിയത് |
| 8 | 71400 | 21901224/10.03.2020 | 12000/-വാടക ഇനത്തിൽ ശ്രീ പ്രകാശൻ എന്നവർക്കു നൽകിയത്<br>11400/- ശ്രീ നിസാർ എന്നവർക്ക് വാഹന ചാർജ്ജിനത്തിൽ നൽകിയത്<br>17325/- ശ്രീമതി ഷീജ , ബഡ്സ് സ്കൂൾ ആയക്ക് വേതനമിനത്തിൽ നൽകിയത്<br>30625/- ശ്രീമതി സീമ , ബഡ്സ് സ്കൂൾ ടീച്ചർക്ക് വേതനമിനത്തിൽ |

| | | | |
|---|---|---|---|
| | | | നൽകിയത് . |
| 9 | 64200 | 21901353/31.03.2020 | 12000/-വാടക ഇനത്തിൽ ശ്രീ പ്രകാശൻ എന്നവർക്കു നൽകിയത്<br>4200/- ശ്രീ നിസാർ എന്നവർക്ക് വാഹന ചാർജ്ജിനത്തിൽ നൽകിയത്<br>17325/- ശ്രീമതി ഷീജ , ബഡ്സ് സ്കൂൾ ആയക്ക് വേതനമിനത്തിൽ നൽകിയത്<br>30625/- ശ്രീമതി സീമ , ബഡ്സ് സ്കൂൾ ടീച്ചർക്ക് വേതനമിനത്തിൽ നൽകിയത് . |
| | 396992 | | |

## 1-26 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

പ്രോജക്ട് : 35/20 വിവിധ വാർഡുകളിലെ ഇലക്ട്ടിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

അടങ്കൽ : 200000/- (തനത് )

ചെലവ് : 51279/-

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിൽ വിവിധ വാർഡുകളിൽ ഇലക്ട്ടിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി തുക മുൻകൂറായി കെ എസ് ഇ ബിയിൽ അടവാക്കിയിട്ടുണ്ട് വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തിയ്യതി | തുക | ഇലക്ട്രിക്കൽ സെക്ഷൻ | റിമാർക്സ് |
|---|---|---|---|---|
| 1 | 21900544/20.09.2019 | 16863 | പുറത്തൂർ | 17ാം വാർഡിൽ |
| 2 | 21900956/21.01.2020 | 9442 | വെട്ടം | 18ാം വാർഡിൽ |
| 3 | 21901165/28.02.2020 | 24974 | പുറത്തൂർ | 14ാം വാർഡിൽ |
| | | 51279 | | |

ഇതു കൂടാതെ 14ാം വാർഡിലെ കരീലപ്പാടം മുക്കാലിപ്പറമ്പ് റോഡിൽ തടസ്സമായി നിന്ന 3 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് പുറത്തൂർ ഇലക്ട്രിക്കൽ സെക്ഷനിലേക്ക് വൗച്ചർ നമ്പർ 21900160/17.05.2019 പ്രകാരം 20713/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണം/ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 71992/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾ- അവലോകനം

പുറത്തൂർ ഗ്രാമ പഞ്ചായത്തിൽ 13 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. മേൽ കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളായി 2486 കുടുംബങ്ങളാണ് 2019-20 വർഷത്തിൽ ഉള്ളത്. ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നൽകുകയും മീറ്റർ റീഡിംഗ് വഴി വെള്ളക്കരം കണക്കാക്കി പഞ്ചായത്തിൽ അടവാക്കുകയും ചെയ്യുന്നുണ്ട്. 100 രൂപയാണ് (50000 ലിറ്റർ വെള്ളം) മിനിമം ചാർജ്ജായി അടവാക്കുന്നത്. 2019-20 വർഷത്തിൽ വെള്ളക്കരമിനത്തിൽ 1552987/- രൂപയാണ് പഞ്ചായത്തിൽ വരവ് വന്നിട്ടുള്ളത്. മേൽ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചില്ല

KWA ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്ക് കൈമാറിയതും ത.സ്വ.ഭ.വ. സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുന്നതുമായ കുടിവെള്ള പദ്ധതികൾ അവയുടെ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏല്പിക്കേണ്ടതാണെന്നും അവയുടെ നടത്തിപ്പ്, മെയിന്റനൻസ് എന്നിവ ടി സമിതികൾ വഹിക്കേണ്ടതാണെന്നും സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ)നം.22/2018 /തസ്വഭവ, തിയ്യതി 14.02.2018) വ്യക്തമാക്കിയിട്ടുള്ളതാണ് എന്നാൽ ടി നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല .

പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി 4 പമ്പ് ഓപ്പറേറ്റർമാർ (ഒരാൾ ഡിസംബർ മുതൽ) ഒരു മീറ്റർ റീഡർ എന്നിവരുടെ വേതനമിനത്തിൽ 938300/- രൂപയും കുടിവെള്ളപദ്ധതികളുടെ വൈദ്യുത ചാർജ് ഇനത്തിൽ 845270/- രൂപയും മെയിന്റനൻസ് ഇനത്തിൽ 609027/- രൂപയും അടക്കം 2019-20 വർഷത്തിൽ 2392597/- രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും തനത് ഫണ്ടിന് വൻ ബാദ്ധ്യത വരുത്തി വെക്കുന്ന ഇത്തരം ചെലവുകൾ ഒഴിവാക്കുന്നതിനായി സർക്കാർ നിർദ്ദേശം അനുസരിച്ച് ഇത്തരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിവെള്ളത്തിന് വളരെയധികം ക്ഷാമം നേരിടുന്ന പഞ്ചായത്തിൽ ഇത്തരത്തിൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ച് കുടിവെള്ള പദ്ധതികൾ മുന്നോട്ട് പോവാൻ സാധിക്കുകയില്ലെങ്കിൽ സർക്കാരിൽ നിന്നും കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതാണ്.

2. വെള്ളക്കരം പിരിച്ചെടുക്കുന്നതിൽ കൃത്യതയില്ല

വെള്ളക്കരം കൃത്യമായി പിരിച്ചെടുക്കുന്നതിനായി ഒരു മീറ്റർ റീഡറെ ദിവസവേതനാടിസ്ഥാനത്തിൽ വെച്ചിട്ടുണ്ട്, മാത്രവുമല്ല ഇതിനായി രജിസ്റ്ററും സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനമായ വെള്ളക്കരം കൃത്യമായി

പിരിച്ചെടുക്കുന്നില്ല. ഗുണഭോക്താക്കൾ അടവാക്കുന്ന തുക ഡിമാന്റായും കലക്ഷനായും കാണിക്കുകയാണ് ചെയ്തിട്ടുള്ളത് . (2019-20 വർഷത്തിൽ വരവ് വന്നത് 1552987/- രൂപയാണ്.) എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ പല ഗുണഭോക്താക്കളും തുക അടവാക്കാൻ ബാക്കിയുള്ളതായി കണ്ടു. വെള്ളക്കരമിനത്തിൽ ലഭിക്കാനുള്ള കടിശ്ശിക തുക എത്രയാണെന്നതിന്റെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. ഇതിന്റെ ഡിമാന്റ് കലക്ഷൻ ബാലൻസ് കൃത്യമായി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുക്കേണ്ടതുമാണ്.

3. 4പമ്പ് ഓപ്പറേറ്റർമാരുടെയും മീറ്റർ റീഡറുടേയും ദിവസ വേതന തുക പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് നൽകുന്നത്. പഞ്ചായത്തിൽ നിലവിലില്ലാത്ത തസ്തികയിൽ ആളെ നിയമിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. ഇത്തരത്തിൽ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് ഓഡിറ്റ് എൻക്വയറി (നം. 18/2019-20/28.04.2022 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ സർക്കാർമാർഗ്ഗ നിർദ്ദേശപ്രകാരം നടത്തുന്നതിനും , ദിവസവേതനക്കാരെ നിയമിച്ചതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 വി ഇ ഒ നിർവഹണം നടത്തിയ പ്രൊജക്ടിലെ അപാകതകൾ

വി ഇ ഒ നിർവഹണം നടത്തിയ ലൈഫ് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊജക്ടിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

### 1-28-1 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം അനുവദിച്ചു

പ്രൊജക്ടിന്റെ പേരും നമ്പറും -ലൈഫ് ഭവന നിർമ്മാണം (ജനറൽ),30/20

അടങ്കൽ-28228023 ( വികസന ഫണ്ട് - ജനറൽ-2572553, സംസ്ഥാനവിഷ്കൃത ഫണ്ട്-14300000, ജില്ല പഞ്ചായത്ത്-5855470, മറ്റുള്ളവ-5500000)

ചെലവ്-15936680 ( വികസന ഫണ്ട് - ജനറൽ-2572553, സംസ്ഥാനവിഷ്കൃത ഫണ്ട്-10900000, ജില്ല പഞ്ചായത്ത്-1144127, മറ്റുള്ളവ-1320000)

ബിൽ നം. 22/10.02.2020-160000/-

ശ്രീമതി ഫാത്തിമ, കുപ്പന്റെപുരക്കൽ എന്നവർക്ക് ലൈഫ് ഭവന നിർമ്മാണത്തിന് ആദ്യ ഗഡുവായി ₹40000/-രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താവ് ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. (ആദ്യ ഗഡു കൈപ്പറ്റിയതിനു ശേഷം ഭവന നിർമ്മാണം ആരംഭിച്ചതായോ തുടർന്നുള്ള ധനസഹായം സ്വീകരിച്ചതായോ ഫയലിൽ നിന്നും ലഭ്യമല്ല.). ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ടി ഗുണഭോക്താവിന് ആനുകൂല്യം അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കാനായി ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 22/28.04.2022) നൽകിയിരുന്നതിന് ഫാത്തിമ (W/o ഹനീഫ) കുപ്പന്റെ പുരക്കൽ എന്ന പേരിൽ വാർഡ് 1 ൽ രണ്ട് പേർ ഉണ്ടായിരുന്നുവെന്നും യഥാർത്ഥ ഗുണഭോക്താവാണെന്ന് തെറ്റിധരിക്കപ്പെട്ട ടിയാൾ കരാർ സമർപ്പിക്കുകയും നൽകിയ തുകയുപയോഗിച്ച് തറ പണി പൂർത്തീകരിക്കുകയും പിന്നീട് MIS ENTRY നടത്തുന്ന അവസരത്തിലാണ് യഥാർത്ഥ ഗുണഭോക്താവല്ലെന്ന് മനസ്സിലായതെന്നും തുടർന്ന് തുക തിരിച്ചടക്കുവാനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും (നോട്ടീസിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്) അടക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മുൻകൂർ നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 40000 രൂപ തടസ്സം ചെയ്യുന്നു.

### 1-28-2 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ടിന്റെ പേരും നമ്പറും -ലൈഫ് ഭവന നിർമ്മാണം (ജനറൽ),SO 145/20

അടങ്കൽ-30220000 ( ജില്ല പഞ്ചായത്ത്-1554320, മറ്റുള്ളവ-28665680)

ചെലവ്-1994320 ( ജില്ല പഞ്ചായത്ത്-1554320, മറ്റുള്ളവ-440000)

വൌച്ചർ നം.21900131/13.05.2019-440000/-

മേൽ പ്രൊജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിയ്ക്കുന്നത്.

| ഗുണഭോക്താക്താവിന്റെ പേര് | കരാർ വച്ച തീയതി | കൈപ്പറ്റിയ തുക |
|---|---|---|
| ബുഷറ, കറുപ്പംവീട്ടിൽ | 06.03.2019 | 260000 |
| ബീവി ഉമ്മ, കറുപ്പംവീട്ടിൽ | 28.02.2019 | 360000 |

എന്നാൽ മേൽ ഗുണഭോക്താക്കൾക്കൾ നാളിതുവരെയായിട്ടും ഭവനനിർമാണം പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 22/28.04.2022)ഇവരുടെ വീട്ട പണി പുരോഗമിച്ച കൊണ്ടിരിക്കുകയാണെന്നും പണി പൂർത്തിയാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ വീട്ട പണി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗ്രാമ കേന്ദ്രത്തിന് കെട്ടിട സൗകര്യമൊരുക്കൽ -കരാറുകാരന് അധികം അനുവദിച്ചത് 4376 രൂപ

പ്രൊജക്ട് നം : SO156/20

അടങ്കൽ : 6,00,000

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (NR)+തനത് ഫണ്ട്

ചെലവ് : 4,59,154

ബിൽ നമ്പർ - 23/23.10.19 - 4,42,480

ചെക്ക് - 023318/22.10.19 - 16674

കരാർ നം : AE/LSGD/PTR/86/18-19 തീയ്യതി.21.2.19 (Estimate Rate)

എം ബുക്ക് നം: 116/18-19

DSOR : 2016 Coi.37.25%

കരാറുകാരൻ : പ്രകാശൻ .AP

TS No-73687/18-19

Est.No-2018/106893

63 ാം നമ്പർ അംഗൻവാടി കെട്ടിടത്തിന് മുകളിലാണ് ഗ്രാമ കേന്ദ്രത്തിന് സൗകര്യമൊരുക്കൽ എന്ന പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിൽ ഗ്രിൽ വർക്ക് ചെയ്തതിന് പ്രവൃത്തിയുടെ ഇനം 10 പ്രകാരം DAR Code 9.48.2 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് . (പ്രവൃത്തി 26.4.22ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു)

431.55 Kg X 146/kg (154.34/kg-5.4036% Tender Below) = 63006.30

ബിൽഡിംഗുമായി ബന്ധപ്പെട്ട് Steel/Wooden Frame With Rawl Plug ഉപയോഗിച്ച് കൊണ്ടുള്ള ഗ്രിൽ വിൻഡോ പ്രവർത്തികൾക്കാണ് DSR Code 9.48.2 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ഗ്രിൽ വർക്ക് ചെയ്തിട്ടുള്ളത് ചുമരിലേക്ക് നേരിട്ട് (Welding) ബന്ധിപ്പിച്ചതായതിനാൽ അനുവദിക്കാവുന്നത് DSR Code 9.48.1 പ്രകാരമുള്ള നിരക്കുമാണ് (പ്രവൃത്തിയിൽ ഫ്രയിം വർക്കിന്റെയും (Steel/Wooden) Rawl Plug ന്റെയും ഉപയോഗം വന്നിട്ടില്ല). ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

431.55 Kg X 135.86/kg (143.63/kg-5.4036% Tender Below) = 58630.38

കരാറുകാരന് അധികം അനുവദിച്ചത് = 4376 (63006.30 - 58630.38 )

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 14 / 27.4.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ തുക 4376 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 ഇന്ദിരാജി അംഗൻവാടി കെട്ടിട നവീകരണം-കരാറുകാരന് അധികം നൽകിയത് 9738 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിനോട് അനുബന്ധമായി സ്റ്റെയർ, മുകളിൽ സ്റ്റീൽ മേൽക്കൂര എന്നിവ നിർമ്മിക്കുന്നതിന് DSR Code 10.16.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. പ്രവൃത്തി 26.4.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. പ്രവൃത്തിയിൽ ഇനം 1 പ്രാകാരം GI പൈപ്പ് ഉപയോഗിച്ച് സ്റ്റെയർ (Hand Rail, Landing) നിർമ്മിച്ചിട്ടുണ്ട്. ഈ

പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DSR Code 10.25.1 പ്രകാരമുള്ള നിരക്കാണ്. പ്രസ്തുത ഡാറ്റയിൽ നിന്ന് ഈ വസ്തുത വ്യക്തമാണ്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി കരാറുകാരന് അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്റ്റെയർ, മുകളിൽ സ്റ്റീൽ മേൽക്കൂര എന്നിവ നിർമ്മിക്കുന്നതിന് DSR Code 10.16.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് നൽകിയ തുക

1099.75 Kg X 123.87/kg = 136226.03 ( ഇനം 1)

ഇതിൽ സ്റ്റെയർ അളവ് = 290.16 Kg

| പ്രവൃത്തി | സ്റ്റെയറിന് അനുവദിച്ച തുക (DSR 10.16.1 പ്രകാരം) | സ്റ്റെയറിന് അനുവദിക്കാവുന്ന തുക (DSR 10.25.1 പ്രകാരം) | അധികം |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ - SO136/20<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>സാങ്കേതികാനുമതി തുക - 300000<br>കരാറുകാരൻ - AP. പ്രകാശൻ<br>അളവ് പുസ്തകം - 80/18-19<br>കരാർ - 24/AE/PTR/18-19 തി. 23.11.18 (Estimate Rate)<br>മൂല്യനിർണ്ണയം - 243920<br>ബിൽ നമ്പർ - 3/7.5.19- 243920<br>Coi DSR 2016 – 37.25%<br>Esti. No- 2018/109537<br>TS No- 78919/18-19 | 290.16kgx 123.87/kg<br>= 35942.11 | 290.16 Kg X 90.31/kg<br>= 26204.34 | 9738 |

അധികം നൽകിയ തുക 9738രൂപ.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15 / 27.4.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളിൽ അധികം നൽകിയ തുക 9738 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പടിഞ്ഞാറേക്കര GUPS റൂഫിംഗ് – സ്റ്റീൽ മേൽക്കൂര നിർമ്മിച്ചതിന് അധിക നിരക്ക് അനുവദിച്ച്- കരാറുകാരന് അധികം നൽകിയത് 4297 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - 186/20

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ -39/18.1.20 – 98833

മൂല്യനിർണ്ണയം - 98833

കരാർ 86/AE/LSGD/PTR/19-20 തി.27.11.2019

അളവ് പുസ്തകം 130/18-19

കരാറുകാരൻ- AP. പ്രകാശൻ

TS No-62890/19-20

Est.No-2019/91616

TS-1,30,000

Coi – 31.06% (2016 DSoR)

പടിഞ്ഞാറേക്കര GUPS കെട്ടിടത്തിന് റൂഫിംഗ് എന്ന പ്രവൃത്തി 27.4.22 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചു. പ്രവൃത്തിയിൽ GI പൈപ്പ് ഉപയോഗിച്ച് മേൽക്കൂര വിരിച്ചതിന് അളവ് പുസ്തകപ്രകാരം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്..

| ഇനം | ചെയ്ത അളവ് / നിരക്ക് | അനുവദിച്ച തുക |
|---|---|---|
| DSR Code 10.16.1<br>(ഇനം 1) | 336.523 Kg X 118.28/kg | 39803.94 |

പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ചുകൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതിന് അനുവദിക്കാവുന്നത് DSR Code 50.10.2 പ്രകാരമുള്ള നിരക്കാണ്. ഇതു പ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

336.523 Kg X 106.88/kg = 35967.57

പ്രവൃത്തിയിൽ അധികം നൽകിയ തുക 4297 (3836.37 + 12% GST ) രൂപ

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 21 / 28.4.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ തുക 4297 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 മൽസ്യഭവൻ കെട്ടിട നവീകരണം -കരാറുകാരന് അധികം അനുവദിച്ചത് 3680 രൂപ

പ്രൊജക്റ്റ് നം : SO141/20

അടങ്കൽ : 3,00,000

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (NR)

ചെലവ് : 3,00,000

ബിൽ നമ്പർ - 6/7.5.19 – 3,00,000

കരാർ നം : AE/LSGD/PTR/83/18-19 തീയ്യതി.24.1.19 (Estimate Rate)

എം ബുക്ക് നം: 83/18-19, 99/18-19

DSOR : 2016 Coi.37.25%

കരാറുകാരൻ : ഗിരീശൻ .PV

TS No-103469/18-19

Est.No-2018/134795

മൽസ്യഭവൻ കെട്ടിട നവീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിലും കിണറിലും ഗ്രിൽ വർക്ക് ചെയ്തതിന് പ്രവൃത്തിയുടെ ഇനം 9 പ്രകാരം DAR Code 9.48.2 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് .

263.58 Kg X 154.34/kg = 40680.94

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട ഗ്രിൽ വിൻഡോ പ്രവർത്തികൾക്കും (Steel/Wooden Frame With Rawl Plug) മറ്റുമാണ് DSR Code 9.48.2 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് ഓപ്പൺ കിണറിൽ സ്റ്റീൽ ഉപയോഗിച്ച് നെറ്റ് ഇടുക എന്ന പ്രവൃത്തിയും കെട്ടിടത്തിലെ ഗ്രിൽ വർക്കുമാണ് (Steel/Wooden Frame ൽ അല്ലാത്തത്). ഇതിലെ ഓപ്പൺ കിണറിൽ നെറ്റ് ഇടുന്ന പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. Grating, Frames, Guard Bar, Railing, Gate എന്നീ പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. കൂടാതെ കെട്ടിടത്തിലെ ഗ്രിൽ വർക്ക് ചെയ്തിട്ടുള്ളത് ചുമരിലേക്ക് നേരിട്ട് ബന്ധിപ്പിച്ചതായതിനാൽ (പ്രവൃത്തിയിൽ ഫ്രെയിം വർക്കിന്റെയും (Steel/Wooden) Rawl Plug ന്റെയും ഉപയോഗം വന്നിട്ടില്ല) അനുവദിക്കാവുന്നത് DSR Code 9.48.1 പ്രകാരമുള്ള നിരക്കുമാണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

33.38 Kg X 117.96/kg = 3937.50

230.20 Kg X 143.63/kg = 33063.62

= 37001.12

കരാറുകാരന് അധികം അനുവദിച്ചത് = 3680 (40680.94 - 37001.12 )

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 20 / 28.4.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളിൽ അധികം നൽകിയ തുക 3680 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ | ഈ റിപ്പോർട്ടിന്റെ |

| | | |
|---|---|---|
| | പരിശോധന നടത്തി | ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 9044 | ഹരിത കേരളം - പച്ചക്കറികൃഷിക്ക് കൂലിചെലവ്-58/20 | 9044 | |
| | 100000 | പരിരക്ഷ-52/20 | 100000 | |
| | 100000 | അഗതിരഹിത കേരളം-62/20 | 100000 | |
| ആകെ | 209044 | | 209044 | |
| ജില്ലാ പഞ്ചായത്ത് | 362500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്-19/20 | 362500 | |
| | 1144127 | ലൈഫ് ഭവന പദ്ധതി (ജനറൽ) -30/20 | 1144127 | |
| ആകെ | 1506627 | | 1506627 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ. എസ്. ഇ. ബി | 35/20-വിവധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900544/20.09.2019 | 16863 | 0 | പൂർത്തീകരിച്ചിട്ടില്ല | 16863 |
| | | 21900956/21.01.2020 | 9442 | 0 | പൂർത്തീകരിച്ചിട്ടില്ല | 9442 |

| | | | | | | |
|---|---|---|---|---|---|---|
| | | 21901165/28.02.2020 | 24974 | 0 | പൂർത്തീകരിച്ചിട്ടില്ല | 24974 |
| | 14-ാം വാർഡിലെ കരീലപ്പാടം മുക്കാലിപറമ്പ് റോഡിലെ 3 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900160/17.05.2020 | 20713 | 0 | പൂർത്തീകരിച്ചിട്ടില്ല | 20713 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ ഉകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ,തിയ്യതി | വായ്പ ഉക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം ലഭിച്ച വായ്പ ഉക | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഹൗസിംഗ് | 953/2010 തിയ്യതി 19.3.10 | 10740000 | 600469 | 0 | 600469 | 0 | 0 |
| KURDF | 68/2018 തിയതി.18.05.2018 | 26260000 | 26260000 | 1760000 | 2258235 | 0 | 25761765 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2657820 |
| തൻവർഷം നിക്ഷേപിച്ച ഉക (പലിശ) | 276979 |
| ആകെ | 2934799 |
| തന്നാണ്ടിൽ പിൻവലിച്ച ഉക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2934799 |

2019-20 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | ഉക | രശീതിനമ്പർ/തീയതി |
|---|---|---|
| പുറത്തൂർ സർവ്വീസ് സഹകരണബാങ്ക് | 1677145 | 0202110014443/24.03.2020 |
| തിരൂർ അർബൻ കോ ഓപ്പറേറ്റിവ് ബാങ്ക് | 1257654 | 2206113000341/28.01.2020 |
| ആകെ | 2934799 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18566 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ ഉക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3(2a) | 18461 | ശ്രീമതി.അജിത | 119060103487/27.07.2019 |

| | | | | |
|---|---|---|---|---|
| | | | എൽ,അസി.എഞ്ചിനീയർ | |
| 1999-2000 | 2(6) | 105 | ശ്രീധരൻ | 119060101917/24.05.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 9 | 2004-05 | 3.10.1(iii) പൊതു പരാമർശങ്ങൾ | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു |
| 2013-14 2014-15 | 3(1) | 2015-16 | | അക്കൗണ്ടിംങ് സമ്പ്രദായം അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(3) | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2015-16 | 2(1), 2(2), 2(3), 2(4) | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാൻ അവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2000-01 | 4,5 | ശ്രീ. മുഹമ്മദാലി | LF 20107/ Spl.cell/SC5/10 05-08-2008 | 34853/- | | -- | -- | -- | 0 | 34853/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112182634 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 112544427 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22091 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3968183 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4376 | ശ്രീ.രാജീവ്.പി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ (2188)<br>ശ്രീമതി.സജിത.എ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (2188) |
| 3-2 | | 9738 | ശ്രീ.രാജീവ്.പി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ (4867.5)<br>ശ്രീമതി.സജിത.എ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (4867.5) |
| 3-3 | | 4297 | ശ്രീ.രാജീവ്.പി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ (2148.5)<br>ശ്രീമതി.സജിത.എ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (2148.5) |
| 3-4 | | 3680 | ശ്രീ.രാജീവ്.പി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ (1840)<br>ശ്രീമതി.സജിത.എ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1840) |
| | ആകെ | 22091 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 16020 | ശ്രീമതി. ബീന പി കെ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-17-1 | 2926000 | ശ്രീ. ഷമിൽ . ഇ ,സെക്രട്ടറി |
| 1-17-2 | 17179 | ശ്രീ. ഷമിൽ . ഇ , സെക്രട്ടറി |
| 1-17-3 | 500000 | ശ്രീ. ഷമിൽ . ഇ ,സെക്രട്ടറി |
| 1-25 | 396992 | ശ്രീമതി. റീന എ.എം , അസി.സെക്രട്ടറി |
| 1-26 | 71992 | ശ്രീ. ഷമിൽ . ഇ , സെക്രട്ടറി |
| 1-28-1 | 40000 | ശ്രീ. ബൈജു ലാൽ എം ,വി ഇ ഒ |

| | | |
|---|---|---|
| ആകെ | 3968183 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജീവ്.പി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ/പുറത്തൂർ ഗ്രാമ പഞ്ചായത്ത് | വടശ്ശേരിയിൽ ,വേപ്പൂർ. വരന്തരപ്പിള്ളി(പി.ഒ),തൃശ്ശൂർ, പിൻ-680303 |
| ശ്രീമതി.സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരൂർ ബ്ലോക്ക് പഞ്ചായത്ത് | ഫിർദൗസ് , സി.ടി ജംഗ്ഷൻ , കരിക്കോട് ടി.കെ.എം കോളേജ് .പിഒ കൊല്ലം. ഫോൺ-7025412003 |
| ശ്രീമതി. ബീന പി കെ,ഐ സി ഡി എസ് സൂപ്പർവൈസർ | റിട്ടയേർഡ് | കാട്ടിലപ്പറമ്പിൽ ഹൗസ് വെട്ടം തിരൂർ |
| ശ്രീ. ഷമിൽ . ഇ ,സെക്രട്ടറി | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | മാധവം തിരുച്ചിലങ്ങാടി പി ഒ ഫാറൂഖ് കോളേജ് കോഴിക്കോട് |
| ശ്രീമതി. റീന എ.എം , അസി.സെക്രട്ടറി | പുറത്തൂർ ഗ്രാമപഞ്ചായത്ത് | കരിപ്പത്ത് ഹൗസ് ലക്ഷ്മി പ്രഭ പൊന്നാനി സൗത്ത് പി ഒ |
| ശ്രീ. ബൈജു ലാൽ എം ,വി ഇ ഒ | അന്യത്ര സേവനം | കൊല്ലമന്നടി വിജയഗിരി പി ഒ ആലക്കോട് കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 95-96 | എൽ.എഫ്.എം.16/1605/2000/16-7-2004 | 8 | |
| 96-97 | എൽ.എഫ്.എം.16/965/98/16-7-2004 | 9 | |
| 97-98 | എൽ.എഫ്.എം.16/870/2004/26-10-2005 | 5 | |
| 98-99 | എൽ.എഫ്.എം.16/869/2004/16-1-2006 | 7 | |
| 99-00 | എൽ.എഫ്.എം.16/868/04/6-1-05 | 14 | |
| 2000-01 (Plan) | എൽ.എഫ്.എം.16/867/04/2-3-05 | 8 | |
| 2001-02 | എൽ.എഫ്.എം.7/1971(2)/07/2-11-07 | 16 | |
| 2002-03 | എൽ.എഫ്.എം.18/1612(എ)/10/9-11-10 | 10 | |
| 2003-04 | എൽ.എഫ്.എം.18/1612(ബി)/10/9-11-10 | 11 | |
| 2004-05 | എൽ.എഫ്.എം.14/2296/08, 9-11-10 | 9 | |
| 2005-06 | എൽ.എഫ്.എം.17/1741/09/12-6-12 | 4 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.എം.14/എം171742/12.06.12 | 10 | |
| 2007-08 | എൽ.എഫ്.എം.16/2060/13.06.12 | 10 | |
| 2008-09 | എൽ.എഫ്.എം.16/2061/11/12-6-12 | 14 | |
| 2009-10, 2010-11 | എൽ.എഫ്.എം.17/903/2013/18-6-13 | 15 | |
| 2011-12, 2012-13 | എൽ.എഫ്.എം.17/1630/14/20-9-14 | 16 | |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം.28/520/16 തി. 17.5.17 | 16 | |
| 2015-16 | കെ.എസ്.എ.എം.പി.എം.28/984/2017 തി. 24.02.18 | 15 | |
| 2016-17 | കെഎസ്എഎംപിഎം 28/523/2019 തി.20.09.19 | 14 | |
| 2017-18 | കെഎസ്എഎംപിഎം 28/1157/2019 തി.12.06.2019 | 28 | |
| 2018-19 | കെഎസ്എഎംപിഎം 28/376/2020 തി.14.09.2020 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

എം.എ.5/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്